*ശ്രീ. ഉമ്മൻ ചാണ്ടി*: ജൈവക്കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് പ്രോബ്ലം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, നല്ല ഡിമാന്റ് ഇക്കാര്യങ്ങൾക്കുണ്ട്. സബ്സിഡി നൽകുന്നതിനെ സംബന്ധിച്ച് നമ്മുടെ സാമ്പത്തികപരിമിതിക്കുള്ളിൽനിന്ന് നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡികളുടെയൊക്കെ പശ്ചാത്തലത്തിലേ എനിക്ക് പരിശോധിക്കാൻ സാധിക്കുകയുള്ളൂ. അതേസമയം മാർക്കറ്റിംഗിന്റെ കാര്യത്തിൽ ബുദ്ധിമുട്ടില്ല.

**ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി**

*2 [384] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, *പി. കെ. കെ. ബാവ:*
,, *സി. ടി. അഹമ്മദ് അലി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഗവൺമെന്റ് ദാരിദ്ര്യരേഖയ്ക്കുതാഴെ വരുന്നവരുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) സർവ്വേ പൂർത്തിയാക്കിയിട്ടും ബി. പി. എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം എന്താണ്;

(ഡി) ബി. പി. എൽ. ലിസ്റ്റ് പരസ്യപ്പെടുത്താൻ വൈകുന്നതിനാൽ അതിൽ ഉൾപ്പെടാൻ അർഹതയുള്ള പലർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ കിട്ടാതെ പോകുന്നതായി അറിയുമോ;

(ഇ) പ്രസ്തുത കാര്യം പരിഹരിക്കുന്നതിനുവേണ്ടി ബി. പി. എൽ. ലിസ്റ്റ് എന്നേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*: സർ,

(എ) ഇല്ല.

(ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 2003 മേയ്-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസസ് നടത്തിയിരുന്നു. 2003 ജൂൺ മാസത്തോടെ സെൻസസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദാരിദ്ര്യരേഖാ സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ബി.പി.എൽ. ലിസ്റ്റിന് അന്തിമരൂപം നൽകരുതെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ലിസ്റ്റിന് അന്തിമരൂപം നൽകിയിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേന്ദ്ര ഗ്രാമവികസനമന്ത്രാലയത്തിൽനിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ദാരിദ്ര്യരേഖാലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

*ശ്രീ. സി. മമ്മൂട്ടി:* ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ലിസ്റ്റ് പ്രിപ്പയർചെയ്ത് കമ്പ്യൂട്ടറൈസ് ചെയ്തുവച്ചിരിക്കുകയാണ്, ഇനി പ്രസിദ്ധീകരിച്ചാൽമതി എന്നു പറഞ്ഞു. കേന്ദ്ര നിർദ്ദേശം ഇല്ലാത്തതുകൊണ്ട് സുപ്രീംകോടതിവിധിയെത്തുടർന്നാണിത്. ഇവിടെ എല്ലാ ആനുകൂല്യങ്ങളുടെയും അവകാശസംരക്ഷണത്തിന്റെയും അടിസ്ഥാനരേഖയായി കാണുന്നത് ബി.പി.എൽ. ലിസ്റ്റാണ്. സൗജന്യറേഷൻ, ചികിത്സാസൗകര്യം, വിദ്യാഭ്യാസ ആനുകൂല്യം ഇവയൊക്കെ കിട്ടണമെങ്കിൽ രേഖയായി ചോദിക്കുന്നത് ബി.പി.എൽ. ലിസ്റ്റാണ്. അതുകൊണ്ട് ഈ ലിസ്റ്റ് ഇല്ലാത്തതിന്റെ പേരിൽ കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ട് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ബദൽസംവിധാനം എന്ന നിലയ്ക്ക് എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഗവൺമെന്റ് വ്യക്തമാക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* ഇക്കാര്യത്തിൽ നമ്മുടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ചുള്ള ബി.പി.എൽ. ലിസ്റ്റിന്റെ പ്രസിദ്ധീകരണമാണ് ഇപ്പോൾ നിർത്തിവച്ചിരിക്കുന്നത്. എന്നാലും സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നുള്ള ചില സഹായങ്ങളുണ്ട്. പ്ലാൻഫണ്ടിൽനിന്നുള്ള സഹായങ്ങൾ, ഉദാഹരണമായി കിണർ, വയറിംഗ്, വീട് മെയിന്റനൻസ്, ടോയ്‌ലറ്റ് ഇങ്ങനെയുള്ള കാര്യങ്ങൾക്കൊക്കെ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ട് അത് നൽകാൻ തദ്ദേശസ്വയംഭരണ മന്ത്രാലയം ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

*ശ്രീ. സി. മമ്മൂട്ടി:* ഇവിടെ പ്രശ്നം എന്താണെന്നുവച്ചാൽ റേഷൻ കാർഡിൽ എ.പി.എൽ. എന്ന് രേഖപ്പെടുത്തിയിട്ടുള്ള പലരും ബി.പി.എൽ.-ൽപ്പെട്ടവരാണ്. അത് ബി.പി.എൽ. എന്നാക്കി മാറ്റണമെങ്കിൽ സെൻസസിന്റെ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ സാധിക്കൂ. അത് പ്രസിദ്ധീകരിക്കാത്തതുകൊണ്ട് കാർഡിൽ എ.പി.എൽ. മാറ്റി ബി.പി.എൽ. എന്നാക്കാൻ കഴിയില്ല. സുപ്രീംകോടതിയുടെ വിധിയിലും അന്തിമരൂപം നൽകരുത് എന്നേ പറഞ്ഞിട്ടുള്ളൂ. അങ്ങനെയാണെങ്കിൽ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡിൽ എ.പി.എൽ. എന്നുള്ളത് ബി.പി.എൽ.

LIBRARY ARCHIVES Kerala Legislative Assembly

എന്നാക്കിമാറ്റി ആനുകൂല്യങ്ങൾ നേടുന്നതിനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ രണ്ടാമത്തെ ചോദ്യം.

*ശ്രീ. സി. എഫ്. തോമസ്*: സിവിൽ സപ്ലൈസ് മിനിസ്റ്റർ ഇവിടെയുണ്ട്. അദ്ദേഹം നിയമസഭയിൽ മറുപടി പറഞ്ഞതാണ്. റേഷൻ കാർഡിന്റേത് മറ്റൊരു പ്രശ്നമാണ്. അവിടെ കേന്ദ്രഗവൺമെന്റ് ഒരു ഫിക്സഡ് നമ്പർ നേരത്തെ തന്നെ തന്നിട്ടുണ്ട്. അതിനപ്പുറം ബി.പി.എൽ.-ലേക്ക് മാറ്റാൻ അവർ അനുവദിക്കുകയില്ല. അതാണ് പ്രശ്നം. ഇപ്പോഴത്തെ ലിസ്റ്റ് സുപ്രീംകോടതിയുടെ വിലക്കുള്ളതുകൊണ്ട് പ്രസിദ്ധീകരിക്കാൻ സാധിക്കുകയുമില്ല. അത് പ്രസിദ്ധീകരിച്ചാൽപ്പോലും ബി.പി.എൽ. കാർഡ് കൊടുക്കണമെങ്കിൽ അത് ഈ ക്ലിപ്തനമ്പറിൽനിന്ന് മാറാൻ പാടില്ല എന്ന കേന്ദ്രനിർദ്ദേശം ഉള്ളതുകൊണ്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വളരെ വിഷമിക്കുകയാണ്.....ആ പ്രശ്നമുണ്ട്. മെമ്പർ പറഞ്ഞത് ശരിയാണ്. ഇപ്പോൾ ഒരു ബി.പി.എൽ. കുടുംബത്തിൽനിന്ന് ആരെങ്കിലും മാറി താമസിച്ചാൽ ആ കുടുംബത്തിനുപോലും എ.പി.എൽ.-ലേ കൊടുക്കാൻ സാധിക്കുകയുള്ളൂ.

*ശ്രീ. പി. കെ. കെ. ബാവ:* ഇപ്പോൾ നിലവിലുള്ള മാനദണ്ഡമായി സ്വീകരിക്കുന്നത് ബി.പി.എൽ. ലിസ്റ്റാണ്. അതിൽത്തന്നെ ധാരാളം ബി.പി.എൽ.കാർ എ.പി.എൽ. ആയാണ് വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ അവർ ബി.പി.എൽ. ആണ്. ഇങ്ങനെ വരാൻ കാരണം ഒരു നിശ്ചിത ശതമാനം മാത്രമേ ഇതിൽ വരാൻ പാടുള്ളൂ എന്ന കേന്ദ്രത്തിന്റെ നിർദ്ദേശത്തിന്റെ ഫലമായിട്ടാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഇത്തവണത്തെ മാർഗ്ഗനിർദ്ദേശത്തിലും ഇങ്ങനെ ഒരു നിശ്ചിത ശതമാനം മാത്രമേ വരാൻ പാടുള്ളൂ എന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് മാറ്റിക്കിട്ടുന്നതിനും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പാവപ്പെട്ട ദരിദ്ര വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഒഴിവാക്കപ്പെടുന്നത് എന്നതുകൊണ്ട് സെൻസസിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടേണ്ട അർഹരായ മുഴുവൻ ആളുകളേയും ഉൾപ്പെടുത്താനും ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമോ?

*ശ്രീ. സി. എഫ്. തോമസ്:* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഇത്തവണത്തെ സെൻസസ് നടന്നപ്പോഴും കേന്ദ്രഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മീഷന്റെ പ്രത്യേക നിർദ്ദേശമുണ്ടായിരുന്നു. അതായത്, 1999-2000-ൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ തയ്യാറാക്കിയ ഒരു സാമ്പിൾ സർവ്വേ ഉണ്ട്. അതനുസരിച്ച് കേരളത്തിൽ 4.19 ലക്ഷം കുടുംബങ്ങൾ മാത്രമേ ബി.പി.എൽ. ആയി ഉള്ളൂ. അത് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ (എൻ.എസ്.എസ്.ഒ.) ആണ് സംഘടിപ്പിച്ചത്. അതിൽ കൂടരുതെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്ന 1998-ൽ തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റ് അനുസരിച്ച് 17 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ.-ഉള്ളത്. അവർ സംഘടിപ്പിച്ച സാമ്പിൾ സർവ്വേ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള 4.19 ലക്ഷത്തിൽനിന്ന് കൂടാൻ പാടില്ല എന്നാണ് സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശം. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. അതുകൊണ്ട് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്ത് ഈ പ്രശ്നം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നമ്മുടെ മുഖ്യമന്ത്രിതന്നെ അന്ന് കേന്ദ്രത്തിൽ പോയി ബന്ധപ്പെട്ട ആളുകളെ നിരന്തരമായി കണ്ട് തുടർച്ചയായി വീണ്ടും വീണ്ടും നിവേദനങ്ങൾ കൊടുക്കുകയും ചെയ്തതിന്റെ ഫലമായി 4.19 ലക്ഷം എന്നുള്ളത് 10.25 ലക്ഷം കുടുംബങ്ങളാക്കി ഇപ്പോൾ ഉയർത്തിത്തന്നിട്ടുണ്ട്. എന്നാലും പ്രശ്നം ശേഷിക്കുകയാണ്. നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന 1998-ലെ സർവ്വേ ലിസ്റ്റ് അനുസരിച്ച് 17.23 ലക്ഷം കുടുംബങ്ങൾ ഉണ്ട്. അതിൽനിന്നാണ് ഇപ്പോൾ ആനുകൂല്യങ്ങൾ കൊടുക്കുന്നത്. കേന്ദ്രഗവൺമെന്റ് കുറച്ച് ആനുകൂല്യം ചെയ്തുതന്നു എന്ന് പറഞ്ഞാൽപ്പോലും 10.25 ലക്ഷമേ ഉള്ളൂ. എന്നുപറഞ്ഞാൽ 7 ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോൾ ഈ ലിസ്റ്റ് പരിശോധിച്ചാൽ ബി.പി.എൽ. ലിസ്റ്റിൽനിന്ന് പുറത്താകുമെന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഈ വിഷയം വീണ്ടും കേന്ദ്രഗവൺമെന്റുമായി ടേക്കപ്പ് ചെയ്യുകയാണ്. നമ്മുടെ എം.പി.മാരുടെയൊക്കെ സഹകരണം ചോദിക്കുന്നുണ്ട്. വളരെ ഗൗരവമുള്ള പ്രശ്നമാണ്.

*ശ്രീ. പി. കെ. കെ. ബാവ:* ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് പുതിയ ലിസ്റ്റ് വന്നാലേ ഈ അപാകത ഏതായിരുന്നാലും കേന്ദ്രത്തെക്കൊണ്ട് പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ നമ്മുടെ സെൻസസും കമ്പ്യൂട്ടറൈസേഷനുമൊക്കെ നടന്നുകഴിഞ്ഞിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. എന്നിട്ടും ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കുന്നില്ല. അതിന് തടസ്സമായി നിൽക്കുന്നത് സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ചുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ നിർദ്ദേശം മാറ്റിക്കിട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായം അവരെ അറിയിച്ച് ഇക്കാര്യത്തിലുള്ള അടിയന്തിര സ്വഭാവം മനസ്സിലാക്കി എത്രയും വേഗം ആ നിർദ്ദേശം നീക്കിക്കിട്ടുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപര്യമെടുത്ത് നടത്തുമോ?

*ശ്രീ. സി. എഫ്. തോമസ്:* സുപ്രീംകോടതി തടഞ്ഞുവച്ചിരിക്കുന്നത് നീക്കിക്കിട്ടുന്നതിനു മാത്രമല്ല, സുപ്രീംകോടതി തടഞ്ഞുവച്ചിരിക്കുന്നത് മാറ്റി അത് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ ലിസ്റ്റിൽ വരാൻപോകുന്നത് പത്ത് ലക്ഷത്തിൽപ്പരം കുടുംബങ്ങൾ മാത്രമേയുള്ളൂ. അതേസമയം നിലവിൽ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലിസ്റ്റിൽ 17 ലക്ഷമുണ്ട്. ആ ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിച്ചാൽ നമ്മൾ കുഴപ്പത്തിലേക്ക് ചാടുകയും ചെയ്യും. സുപ്രീംകോടതി ഇപ്പോൾ ഇടപെട്ടിരിക്കുന്നത് നീക്കുക എന്നുള്ളതല്ല പ്രധാനപ്പെട്ട പ്രശ്നം. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ ഇതു സംബന്ധിച്ചുള്ള നിലപാട്, വേറൊരു കാര്യം നമ്മുടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ദാരിദ്ര്യത്തിന്റെ തോത് തിട്ടപ്പെടുത്തുന്നത്



LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് കമ്മീഷനാണ്. പ്ലാനിംഗ് കമ്മീഷൻ കൈകാര്യം ചെയ്യുന്ന ഒരു വിഷയമെന്ന നിലയിൽ കുറെ പ്രയാസങ്ങൾ വന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അല്ല, പ്ലാനിംഗ് കമ്മീഷൻ കൈകാര്യം ചെയ്യുന്ന പ്രശ്നമാണ്.

*ശ്രീ. സി. ടി. അഹമ്മദ് അലി:* ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിലുള്ള ലിസ്റ്റിൽ ഒട്ടേറെ അപാകതകൾ ഉള്ള സാഹചര്യത്തിൽ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ ഓരോ അപേക്ഷകരിൽനിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ട് വില്ലേജാഫീസിൽനിന്നും സർട്ടിഫിക്കറ്റ് നൽകി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകളെ കണ്ടെത്തി, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ ആളുകൾക്കും എല്ലാ ആനുകൂല്യങ്ങളും നൽകാൻ പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ?

*ശ്രീ. സി. എഫ്. തോമസ്:* ഇതിനകത്തൊരു പ്രശ്നം കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നുള്ള സഹായം കൊടുക്കണമെങ്കിൽ അത് കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം അനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റിലേ പറ്റുകയുള്ളൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട്. ഉദാഹരണത്തിന് S.G.S.Y., S.G.R.Y., I.A.Y. അങ്ങനെയുള്ള പദ്ധതികളുടെ സഹായം കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിക്കുന്ന പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നുമാത്രമേ അനുവദിക്കുകയുള്ളൂ. എന്നാൽ നമ്മുടെ ഗവണ്മെന്റിന് പ്ലാനിംഗ് കമ്മീഷനിൽനിന്ന് കൊടുക്കുന്ന ചില സഹായങ്ങളുണ്ട്. ഈ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അതിൽ നമ്മൾ മാറ്റം വരുത്തിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ മെമ്പർ സൂചിപ്പിച്ചതു പോലെ വില്ലേജ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റ് വാങ്ങി അങ്ങനെയുള്ള സഹായങ്ങൾ കൊടുക്കാനുള്ള നിർദ്ദേശം ഇപ്പോൾ കൊടുത്തിട്ടുണ്ട്.

*ശ്രീ. സി. ടി. അഹമ്മദ് അലി:* ഇക്കാര്യത്തിൽ അടിയന്തിരമായി കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ട് ഒരു തീരുമാനം എടുപ്പിക്കണം. അർഹരായ എല്ലാ ബി.പി.എൽ.കാർക്കും അർഹമായ പരിഗണന ലഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയും ഡൽഹിയിൽ ചെന്ന് എത്രയും പെട്ടെന്ന് ഒരു അന്തിമതീരുമാനം എടുപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* ഇക്കാര്യത്തിൽ പല പ്രാവശ്യം ഡൽഹിയിൽ പോയി ബന്ധപ്പെട്ട മന്ത്രിമാരെ കണ്ടു. നമ്മുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി ഇക്കാര്യത്തിൽ നിരന്തരമായി കേന്ദ്ര ഗവണ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടു. അത്ര ഗൗരവമുള്ള വിഷയമായതുകൊണ്ടാണ്. അതുകൊണ്ടാണ് 4 ലക്ഷം എന്നുള്ളത് 10 ലക്ഷം ആയത്. എന്നാലും പ്രശ്നം വളരെ സങ്കീർണ്ണമാണ്. വീണ്ടും വളരെ ഗൗരവത്തോടെ ഗവണ്മെന്റ് ഇക്കാര്യം കൈകാര്യം ചെയ്യുന്നതാണ്.

*ശ്രീ. കളത്തിൽ അബ്ദുള്ള:* എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി അടക്കമുള്ള പ്രദേശത്ത് ഹതഭാഗ്യരായ 50000-ഓളം ആളുകൾ പട്ടിണി പ്പാവങ്ങളാണ്. ഗവണ്മെന്റിന്റെ ഐ.ടി.-ബി.ടി., സ്മാർട്ട് സിറ്റി എന്നീ ചർച്ചകളിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ അതീവ സന്തുഷ്ടരാണ്. പക്ഷേ, അവർക്ക് ആവശ്യം ചുരുങ്ങിയ ചെലവിൽ ഭക്ഷ്യധാന്യം ലഭിക്കുകയെന്നുള്ളതാണ്. അതിന് തടസ്സം അവരുടെ കാർഡുകൾ എ.പി.എൽ.-ൽ ആണ്. അത് ബി.പി.എൽ. ആക്കാൻ അപേക്ഷ കൊടുത്തിട്ടുണ്ട്. പക്ഷേ, ഒരു നടപടിയും എടുത്തിട്ടില്ല. ഈ പ്രത്യേക പ്രദേശത്തെ അങ്ങ് പരിഗണിച്ചിട്ടുണ്ടോ?

*ശ്രീ. സി. എഫ്. തോമസ്:* ഇക്കാര്യം നല്ലവണ്ണം ഉൾക്കൊണ്ടുകൊണ്ട് ഈ രംഗത്ത് എന്തു ചെയ്യാൻ സാധിക്കുമെന്നുള്ളത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻ കാർഡിന്റെ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശങ്ങൾ ചോദിച്ചിട്ടുണ്ട്.

*ശ്രീ. കളത്തിൽ അബ്ദുള്ള:* മലബാറിന്റെ രാഷ്ട്രീയപ്രബുദ്ധതയ്ക്ക് ഏറെ സംഭാവന നൽകിയവരാണ് നമ്മുടെ ബീഡി തൊഴിലാളികൾ. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ ഖാദി തൊഴിലാളികൾ, നമുക്ക് അന്നം തരുന്ന കർഷകത്തൊഴിലാളികൾ—ഇവരുടെയൊക്കെ അവസ്ഥ വളരെ ദുരിതപൂർണ്ണമാണ്. ഇവരെ പ്രത്യേകമായി എ.പി.എൽ.-ൽനിന്നും പൊതുവായ ഒരു ജി.ഒ.യുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. ആക്കി മാറ്റുവാൻ വല്ല നടപടിയും സത്വരമായി സ്വീകരിക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* ഗവണ്മെന്റ് മൊത്തത്തിൽ ഈ വിഷയം എല്ലാം വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

*ശ്രീ. ടി. പി. എം. സാഹിർ:* ചികിത്സയ്ക്കുവരെ ഇപ്പോൾ എ.പി.എൽ., ബി.പി.എൽ. എന്ന് വേർതിരിച്ചുകാണാത്തതുമൂലം പാവപ്പെട്ടവർ മെഡിക്കൽ കോളേജുകളിൽ പോകണോ, അല്ല താലൂക്കാശുപത്രിയിൽ പോകണോ എന്നുള്ള ഒരു ഗതികേടിലാണ്. അതുകൊണ്ട് എത്രയും വേഗം ഒരു താൽക്കാലിക ലിസ്റ്റെങ്കിലും പ്രസിദ്ധീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* സെൻട്രൽ ഗവണ്മെന്റ് നിർദ്ദേശിച്ച ലിസ്റ്റല്ലാതെ താൽക്കാലിക ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കുകയില്ല. സുപ്രീം കോടതി നിർദ്ദേശം ഉള്ളതുകൊണ്ട് ഇവിടെ കുറച്ചു ക്രമീകരണങ്ങൾ നമുക്ക് ചെയ്യാം. നമ്മുടെ ഗവണ്മെന്റ് ഫണ്ട് ഉപയോഗിച്ചു ചെയ്യുന്ന കാര്യങ്ങൾക്ക് സഹായങ്ങൾ കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾക്ക് എന്തൊക്കെ ചെയ്യാമെന്ന് പരിശോധിച്ചു കൊണ്ടിരിക്കുന്നു.

*ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* ഈ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ കാരണം സാമ്പിൾ സർവ്വേ നടത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡമാണ്. കേരളത്തിൽ ബി.പി.എൽ.കാരുടെ എണ്ണം ഇത്രയും കുറയുവാനിടയായത് കേന്ദ്രം കൊടുത്ത മാനദണ്ഡത്തിൽ പറയുന്നതനുസരിച്ച് ഓടിട്ട വീട് ഉണ്ടായാൽ അത് എ.പി.എൽ. ആയി. റീടിനോടനുബന്ധിച്ച് കക്കൂസ് ഉണ്ടായാൽ എ.പി.എൽ. ആയി. പക്ഷേ, മറ്റൊരു നിർദ്ദേശം പല്ല് തേയ്ക്കാൻ പേസ്റ്റുപയോഗിക്കുകയാണെങ്കിൽ അത് എ.പി.എൽ. ആയി. ബ്രഷ്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നെങ്കിൽ അത് എ.പി.എൽ. ആയി. ഇത്തരത്തിലുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നോംസ് (മാനദണ്ഡങ്ങൾ) മാറ്റാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകുമോ? അതാണ് ഇതിന്റെ അടിസ്ഥാന പ്രശ്നമെന്നുള്ളത് ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

*ശ്രീ. സി. എഫ്. തോമസ്:* ഇതെല്ലാം പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഇതെല്ലാം ശരിയാണ്. കേന്ദ്ര ഗവണ്മെന്റ് അല്ല് തോത് നിശ്ചയിക്കുന്നത്, പ്ലാനിംഗ് കമ്മീഷനാണ്. അതിനകത്ത് അവർ കൊടുത്തിരിക്കുന്നത് 13 സൂചകങ്ങളാണ്. അതിൽ ക്ലേശത്തിന്റെ ഘടകങ്ങൾ ഇങ്ങനെയാണ് കൊടുത്തിരിക്കുന്നത്. കൈവശാനുഭവഭൂമിയുടെ അളവ്, താമസിക്കുന്ന വീടിന്റെ അവസ്ഥ, വസ്ത്രങ്ങളുടെ ശരാശരി ലഭ്യത, ഭക്ഷ്യസുരക്ഷ, സാനിട്ടറി കക്കൂസുകൾ അല്ലെങ്കിൽ ടി.വി, റേഡിയോ, ഇലക്ട്രിക് ഫാൻ, പ്രഷർ കുക്കർപോലുള്ള ഗൃഹോപകരണങ്ങളുടെ ലഭ്യത, വീട്ടിലെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസമുള്ള ആളിന്റെ സാക്ഷരതാനിലവാരം, കുടുംബാംഗങ്ങളുടെ തൊഴിൽ നിലവാരം, ഉപജീവനമാർഗ്ഗം, കുട്ടികൾ ജോലി എടുക്കുന്നുണ്ടോ എന്നുള്ളതിന്റെ സ്ഥിതി, കടബാധ്യതയുടെ സ്വഭാവം, കുടുംബത്തിൽ ഏതുതരം സഹായം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നത്, ഇങ്ങനെ 13 ഘടകങ്ങൾ. അതിനുള്ള മറുപടിക്കനുസരിച്ചാണ് മാർക്ക് ഇടേണ്ടത്. ആ മാർക്ക് ഇട്ടുവരുമ്പോൾ റേഡിയോ ഉണ്ടെങ്കിൽ മാർക്കിട്ടുപോയാൽ പോയി. ഇവിടെ പറഞ്ഞതു ശരിയാണ്. അങ്ങനെയുള്ളവയാണ് ക്ലേശഘടകങ്ങളിൽ (സൂചകങ്ങൾ) നിശ്ചയിച്ചിരിക്കുന്നത്. കേന്ദ്ര ഗവണ്മെന്റല്ല, ദാരിദ്ര്യത്തിന്റെ തോത് നിശ്ചയിക്കുന്നത്. അത് പ്ലാനിംഗ് കമ്മീഷന്റെ ചുമതലയാണ്. ഏതായാലും പ്ലാനിംഗ് കമ്മീഷനുമായി മുൻമുഖ്യമന്ത്രി ചർച്ച ചെയ്തു. വീണ്ടും ചെയ്യാം.

*ശ്രീ. വർക്കല കഹാർ:* ബി.പി.എൽ. ലിസ്റ്റിനെക്കുറിച്ച് നാട്ടിൽ വളരെ പരാതികളുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹിക്കുന്നവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അർഹതയില്ലാത്ത പലർക്കും ഈ ആനുകൂല്യം ഉണ്ടായി. ഇത് കാണിക്കുന്നത് ലിസ്റ്റ് തയ്യാറാക്കിയവരുടെ മാനസികമായ ദാരിദ്ര്യാവസ്ഥയാണ്. സമ്പൂർണ്ണ അന്തിമലിസ്റ്റ് ഉണ്ടാക്കാനാണ് തടസ്സമുള്ളത്. താൽക്കാലിക ലിസ്റ്റ് ഉണ്ടാക്കുന്നത് കോടതി തടഞ്ഞിട്ടില്ല. അതല്ലെങ്കിൽത്തന്നെയും ഈ വിരോധാഭാസം ഭാവിയിൽ ഒഴിവാക്കാൻ എന്തു ചെയ്യാൻ സാധിക്കും?

*ശ്രീ. സി. എഫ്. തോമസ്:* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നാളെ ഈ ബുദ്ധിമുട്ട് പരിഹരിക്കണമെങ്കിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബമാണോ എന്ന് നിശ്ചയിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ മാറ്റിയേ പറ്റൂ. ഈ മാനദണ്ഡം ഉപയോഗിച്ചാൽ നമ്മുടെ കണക്കിലുള്ള 10 ലക്ഷത്തിൽ നിൽക്കും. അതുകൊണ്ട് അത് മാറ്റാനുള്ള ശ്രമം തുടരുകയാണ്.

*ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* 10 ലക്ഷമാക്കി കൊണ്ടുവരാൻ പറ്റിയത് നല്ല കാര്യംതന്നെ. പക്ഷേ, ആവശ്യത്തിന്റെ അടുത്തുപോലും ഇത് എത്തുന്നില്ല. വില്ലൻ പ്ലാനിംഗ് കമ്മീഷനാണ് എന്ന് മനസ്സിലായി. വിദേശ താൽപ്പര്യം സംരക്ഷിക്കാൻ പറ്റുന്ന ഒരാളെ കൊണ്ടിരുത്താൻ ശ്രമിച്ചപ്പോൾ ശക്തമായ പ്രതിഷേധത്തെത്തുടർന്ന് ഇപ്പോൾ പ്ലാനിംഗ് കമ്മീഷനേയില്ല. പ്ലാനിംഗ് കമ്മീഷന്റെ മെമ്പർമാർക്ക് ഇന്ത്യയിലെ ജനങ്ങളിൽ താൽപ്പര്യം ഇല്ലേ? കേരളത്തിൽ 42 ലക്ഷത്തോളം വരുന്ന പരമ്പരാഗത മേഖലയിൽ കൈത്തറി, കശുവണ്ടി, ഖാദി, മത്സ്യം, ബീഡി ഇതുപോലുള്ള മേഖലകളിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരിമാരുടെ സ്ഥിതിയെ സംബന്ധിച്ച് നേരിട്ടറിയാം. അപ്പോൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ള ഇടപെടൽ പോരാ. അതിശക്തമായ സമ്മർദ്ദം കേന്ദ്ര ഗവണ്മെന്റ് പ്ലാനിംഗ് കമ്മീഷനിൽ നടത്തണം. ഈ 10 ലക്ഷം എന്നത് 35, 40 ലക്ഷത്തോളം വരുന്ന പട്ടിണിപ്പാവങ്ങളെ രക്ഷിക്കുന്നതിന് അവരെ ബി.പി.എൽ. ഫാമിലിയിൽ പെടുത്താൻ നമുക്ക് കഴിയുമോ? അതിന് അങ്ങും ശ്രമിക്കുമോ എന്നാണ് എനിക്കറിയാനുള്ളത്?

*ശ്രീ. സി. എഫ്. തോമസ്:* ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന് എല്ലാപേരുടെയും സഹകരണം ചോദിക്കുന്നു. എം.പി.മാരുടെ സഹകരണം ചോദിക്കുന്നുണ്ട്. കൂട്ടായ പരിശ്രമം ഈ കാര്യത്തിൽ ശക്തിയായി നടത്തേണ്ടതുണ്ട്.

*ശ്രീ. ജോസഫ് എം. പുതുശ്ശേരി:* ഇവിടെ ഗുരുതരമായ പ്രശ്നം, മാനദണ്ഡങ്ങളുടെ കാര്യം ശ്രീ. കോടിയേരി ഇവിടെ സൂചിപ്പിച്ചു. പ്ലാനിംഗ് കമ്മീഷന്റെ തീരുമാനമാണെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചു. അടുത്ത കാലത്തുണ്ടാകുന്ന ഏതു കാര്യങ്ങൾക്കും അഖിലേന്ത്യാ മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ കേരളത്തിന് ഹാനികരമായി വരുന്ന ഒരു പൊതുചിത്രമാണ് എല്ലാ കാര്യത്തിലും ഉണ്ടാകുന്നത്. ഇപ്പോൾ ധനകാര്യ കമ്മീഷന്റെ അവാർഡ് വന്നപ്പോൾ അഖിലേന്ത്യാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ പിൻതള്ളപ്പെട്ടു. മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ കാര്യവും നമുക്ക് ദോഷകരമായിവന്നു. ബി.പി.എൽ. ലിസ്റ്റിന്റെ കാര്യത്തിൽ വളരെ ദോഷകരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അഖിലേന്ത്യാ മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ കേരളത്തിന് ദോഷമായി മാറുന്നു. കേരളം കൈവരിച്ച നേട്ടങ്ങൾ കേരളത്തെ ശിക്ഷിക്കാനുള്ള വടിയായി കേന്ദ്രം ഉപയോഗിക്കുന്നു. ഇത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രത്യേകമായ ഇടപെടൽ നടത്തി അഖിലേന്ത്യാ മാനദണ്ഡം എന്നു പറഞ്ഞ് കേരളത്തെ ശിക്ഷിക്കുന്നതിനു പകരം കേരളത്തിന്റെ പ്രത്യേകമായ സാഹചര്യം, പശ്ചാത്തലം എന്നിവ മനസ്സിലാക്കി ആവശ്യമായ തിരുത്തൽ വരുത്താൻ ഉതകുന്നതരത്തിലുള്ള നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* ഇക്കാര്യത്തിൽ ഇതിന്റെ ഗൗരവം പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു. എല്ലാ ഗൗരവവും സ്വീകരിച്ചുകൊണ്ട് ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്.

*ശ്രീ. എം. മുരളി:* ക്ലേശഘടകങ്ങൾ നിശ്ചയിച്ചത് ഇപ്പോഴത്തെ പ്ലാനിംഗ് കമ്മീഷനല്ല, പഴയ എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച പ്ലാനിംഗ് കമ്മീഷനാണ്. എനിക്ക് നിർദ്ദേശിക്കാനുള്ളത്, പുതിയ പ്ലാനിംഗ് കമ്മീഷന്റെ മുൻപിൽ കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ക്ലേശഘടകങ്ങൾ മാറ്റിക്കൊടുക്കാനുള്ള സമ്മർദ്ദം ചെലുത്തുകയും സുപ്രീം കോടതിയിലുള്ള കേസിൽ കേരള ഗവൺമെന്റ് കക്ഷി ചേർന്നുകൊണ്ട് കേരളത്തിന്റെ സാഹചര്യം സുപ്രീം കോടതിയെ ബോധ്യപ്പെടുത്തിക്കൊണ്ട് വേണ്ട നടപടികൾക്ക് ഗവണ്മെന്റ് മുൻകയ്യെടുക്കുമോ?

*ശ്രീ. സി. എഫ്. തോമസ്:* മുൻകയ്യെടുക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)